

ഇ-മലയാളിയുടെ ഓണപൂക്കൂടയിലേക്ക്

# ഓ.. ഓണം


ജോസ് ചെരിപുറം, നൂയോർക്ക്

josecheripuram@gmail.com


ചില്ലറ കൈവശമില്ലേ?-ഇല്ലൊരു ഓണം,
ഓണാഘോഷങ്ങളും
ഡോളറുകൊണ്ടൊരു ഓണമിവിടെ
രൂപാകൊണ്ടൊരു ഓണം നാട്ടിൽ
സമ്പത്തുള്ളവർക്കെന്നും ഓണം
അല്ലാത്തവർക്കതാണ്ടിലൊരാഴ്ച്ച
പണ്ടൊരു നാളിൽ മാളോരെല്ലാം
അടിച്ച്പൊളിച്ച് കഴിഞ്ഞവരാകാം
ഇന്നീ തലമുറ അടി,പിടി, തമ്മിൽ തല്ലും
കലഹവും പതിവാക്കുന്നു.
ചെന്നയിൽ നിന്നും പൂക്കൾ വരുന്നു
ഉണ്ണാനരിയോ? ആന്ധ്രയിൽ നിന്നും
പൂ വിരിയാത്ത, അരിയില്ലാത്ത
"പച്ച കേരളം" എന്ന് പഴുക്കും?
പ്രജകൾക്കെല്ലാം നന്മകൾ ചെയ്തൊരു
മന്നനെ മണ്ണിൽ ചവുട്ടി താഴ്ത്തി
ഇന്നുമതാവർത്തിക്കുന്നു നമ്മൾ
വാമൻപുത്രർ കാലുയർത്തുന്നു
എന്തിനീ ഓണക്കഥകൾ ചൊല്ലി
പാഴാക്കുന്നു ദിനങ്ങൾ വെറുതെ !
സത്യ സമത്വ സാഹോദര്യ
ഭാവമോടെന്നും വാഴേണം നാം
ചില്ലറ കൈവശമില്ലേ?-ഇല്ലൊരു ഓണം,
ഓണാഘോഷങ്ങളും!!